# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1241**

**02.03.2017-ന് മറുപടിയ്ക്ക്**

## ചാലക്കുടി പ്രീമെട്രിക് ഹോസ്റ്റൽ

| **ചോദ്യം**<br>ശ്രീ.ബി.ഡി. ദേവസ്സി | **മറുപടി**<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്ക്കൂൾ കോമ്പൗണ്ടിൽ വിദ്യാഭ്യാസ വകുപ്പ് പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) ഉണ്ട്. ചാലക്കുടി ഗവൺമെന്റ് ഗേൾസ് ഹൈസ്ക്കൂളിൽ ഗേൾസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 8 സെന്റ് സ്ഥലത്ത് ജി+2 കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും ചാലക്കുടി നഗരസഭ അഡിഷണൽ എക്സിക്യൂട്ടീവ് എൻജിനീയർ പരിശോധിക്കുകയും എസ്റ്റിമേറ്റ് തുകയായ 2,81,59,052/- രൂപ (രണ്ടുകോടി എൺപത്തിയൊന്ന് ലക്ഷത്തി അമ്പത്തൊമ്പതിനായിരത്തി അമ്പത്തിരണ്ട് രൂപ) അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ എം.എച്ച്. ആർ.ഡി. 2,55,11,000/- രൂപ (രണ്ടുകോടി അമ്പത്തഞ്ച് ലക്ഷത്തി പതിനൊന്നായിരം രൂപ) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) നിർമ്മാണച്ചുമതല ആർക്കാണെന്നും എന്നത്തേക്ക് നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ? | (ബി) നിർമ്മാണ ചുമതല ആർക്കാണെന്നും നിർമ്മാണം എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്നതിനെപ്പറ്റിയുമുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ